# ബാബരി മസ്ജിദും സുപ്രീം കോടതി വിധിയും

• പി.എ നാസിമുദ്ദീൻ

നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹ്യ അവസ്ഥകളെ വലിയ രീതിയിൽ സ്വാധീനിക്കുകയും, സമീപകാല ചരിത്രത്തെ വഴിതിരിച്ചുവിടുകയും ചെയ്ത ഒന്നായിരുന്നു ബാബരിമസ്ജിദ് പ്രശ്നം.

1528-ൽ ഉത്തർപ്രദേശിലെ അയോധ്യയിൽ മുഗൾ ചക്രവർത്തിയായ ബാബറുടെ ഗവർണറായിരുന്ന മിർബാഖി പണിത പള്ളി ഹിന്ദുജനവിഭാഗങ്ങളുടെ ആരാധനാ മൂർത്തിയായ ശ്രീരാമന്റെ ജന്മസ്ഥലത്താണെന്ന് അവകാശപ്പെട്ടുകൊണ്ട് ഹിന്ദുത്വ രാഷ്ട്രീയ കക്ഷികൾ നടത്തിയ സംഘടിതവും പലപ്പോഴും ഹിംസാത്മകവുമായിരുന്ന സമരമാണ് ബാബരി മസ്ജിദിനെ സങ്കീർണ്ണമായ ഒരു ഹിന്ദു -മുസ്ലിം പ്രശ്നമാക്കി മാറ്റിയത്. കഴിഞ്ഞ നവംബർ 6-ന് സുപ്രീം കോടതി രാഷ്ട്രത്തിന്റെ മുൻകൈയിൽ അവിടെ രാമക്ഷേത്രം പണിയാനും മുസ്ലിംകൾക്ക് മറ്റെവിടെയെങ്കിലും അഞ്ച് ഏക്കർ ഭൂമി കൊടുക്കാനും വിധിച്ചിക്കുന്നു.

ഇന്ത്യൻ ജനതയിൽ ഹിന്ദുത്വ വർഗീയ വികാരം വളർത്തുന്നതിനും ഒട്ടേറെ വർഗീയ കലാപങ്ങൾ അരങ്ങേറുന്നതിനും ബാബരി മസ്ജിദ്പ്രശ്നം കാരണമായി.

ഇന്ത്യയിലെ ജനങ്ങൾ തമ്മിൽ പഴയകാലത്ത് ഒരിക്കലും മതപരമായ സംഘട്ടനങ്ങൾ ഉണ്ടായിരുന്നില്ല എന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. രാജാക്കന്മാർ ഏതെങ്കിലും ആരാധനാലയങ്ങൾ ആക്രമിച്ചിട്ടുണ്ടെങ്കിൽ അത് മതവിദ്വേഷം കൊണ്ടായിരുന്നില്ല ആരാധനാലയങ്ങളിൽ സൂക്ഷിച്ചിരുന്ന സമ്പത്ത് കവരാൻ മാത്രമായിരുന്നു. ഭക്തി പ്രസ്ഥാനത്തിന്റെ നായകന്മാരായ കബീർ, തുക്കറാം, ബുള്ളാഷാ മുതലയാവർ ഹിന്ദു-മുസ്ലിം മൈത്രിയെ ഉയർത്തിപ്പിടിച്ചവരായിരുന്നു.

ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ ഝാൻസിറാണിയും ബഹദൂർഷായും അടക്കമുള്ളവർ ഒരുമിച്ചാണ് ബ്രിട്ടീഷുകാർക്കെതിരെ പൊരുതിയത്. മുസ്ലിം രാജാക്കന്മാർ



▸▸ കുച്ചിപ്പുഡി നൃത്തം രൂപം കൊണ്ടതെവിടെ- ആന്ധ്രാപ്രദേശിലെ കുച്ചിപ്പുഡി ഗ്രാമത്തിൽ (കുചേലപുരം)

ഒരുപാട് ക്ഷേത്രങ്ങൾ സംരക്ഷിക്കുകയും അവക്ക് വലിയ ദാനങ്ങൾ നൽകുകയുമുണ്ടായി. അതുപോലെ ഹൈന്ദവരാജാക്കന്മാർ മസ്ജിദുകൾക്കും സ്ഥലവും സമ്പത്തും നൽകിയിട്ടുണ്ട്.

എന്നാൽ ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കുതന്ത്രത്തിന്റെ ഫലമായാണ് ഇന്ത്യയിലെ ജനങ്ങളിൽ വർഗീയത മുളപൊട്ടിത്തുടങ്ങിയത്. ബ്രിട്ടീഷുകാരുടെ ചരിത്രരചനകൾ തികച്ചും മുൻവിധിയോടെയുള്ളതും ഇന്ത്യൻ ജനതയെ പരസ്പരം വെറുക്കാൻ പ്രേരിപ്പിക്കുന്നതുമായിരുന്നു.

ബാബരി മസ്ജിദ് ശ്രീരാമക്ഷേത്രം തകർത്താണ് പണിതതെന്ന് എഴുതിവെച്ചത് ബ്രിട്ടീഷുകാരാണ്. പൂർവകാല ഭാരതീയ ചരിത്രകാരന്മാരോ രാമഭക്തന്മാരോ എവിടെയും അങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. റോമിലാഥാപ്പർ, കെ.എസ് ശർമ്മ മുതലായ ലോകപ്രശസ്തരായ ഇന്ത്യൻ ചരിത്രകാരന്മാർ അയോധ്യ മുമ്പ് ബുദ്ധന്മാരുടെ കേന്ദ്രമായിരുന്നു എന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

തന്നെയുമല്ല 16-ാം നൂറ്റാണ്ടിനു മുമ്പ് സംസ്കൃതമറിയുന്ന ബ്രാഹ്മണർക്ക് മാത്രം പരിചിതനായ ഒരു ഹിന്ദുദേവനായിരുന്നു ശ്രീരാമൻ. അതിനുശേഷം ഭക്തി പ്രസ്ഥാനത്തോടനുബന്ധിച്ച് ഉയർന്നുവന്ന പ്രാദേശിക കവികൾ



ആണ് ശ്രീരാമനെ സാധാരണക്കാർക്കിടയിൽ ജനകീയമാക്കിയത്. ഉത്തരേന്ത്യയിൽ രാമകഥ ഏറ്റവും പ്രചാരം നേടിയത് തുളസിദാസ് എന്ന ഭക്ത കവിയുടെ രാമചരിതമാനസം എന്ന കാവ്യ ഗ്രന്ഥത്തിലൂടെയായിരുന്നു തുളസിദാസിന്റെ കാവ്യങ്ങളിലോ, മറ്റേതെങ്കിലും കാവ്യങ്ങളിലോ, അയോധ്യ ഉത്തർപ്രദേശിലാണെന്ന സൂചന പോലുമില്ല.

ബാബരിമസ്ജിദ് ഇന്ത്യൻ സ്വാതന്ത്ര്യകാലം വരെ മുസ്ലിംകൾ പ്രാർത്ഥന നടത്തിയിരുന്ന മസ്ജിദ് ആയിരുന്നു. 1949-ൽ ഒരു കൂട്ടം ആളുകൾ അവിടെ ശ്രീരാമ വിഗ്രഹം കൊണ്ടുവന്നു വെക്കുകയുണ്ടായി. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു




അത് എടുത്തുമാറ്റാൻ അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രിയോട് ഉത്തരവിടുകയായിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ നിർദേശം ജില്ലാ കളക്ടറായിരുന്ന കെ. കെ നായർ അവഗണിക്കുകയായിരുന്നു. വിഗ്രഹങ്ങൾ മാറ്റി മസ്ജിദ് മുസ്ലിംകൾക്ക് തിരിച്ചു കൊടുക്കുന്നതിന് പകരം അത് വിഗ്രഹങ്ങളോടെ അടച്ചുപൂട്ടി സർക്കാർ അധീനത്തിലാക്കുകയാണ് അദ്ദേഹം ചെയ്തത്.

1984-ൽ വിശ്വഹിന്ദു പരിഷത്ത് 'അയോധ്യ പ്രശ്നം' ദേശീയ വിഷയമാക്കാൻ തീരുമാനിക്കുകയും അവർ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. 1986 ഫെബ്രുവരി ഒന്നിന് വർഷങ്ങളായി അടച്ച ബാബരിമസ്ജിദിന്റെ പൂട്ടുകൾ തുറക്കാനും ഹിന്ദുക്കൾക്ക് ദർശനത്തിന് അനുമതി നൽകാനും കോടതി ഉത്തരവിട്ടു. 1989-ൽ പള്ളി മുറ്റത്ത് ശിലാന്യാസത്തിന് അടിത്തറയിടാൻ രാജീവ് ഗാന്ധി സർക്കാർ അനുമതി നൽകി.

മണ്ഡൽ കമ്മീഷൻ എന്ന പേരിൽ പ്രധാനമന്ത്രിയായിരുന്ന വി.പി സിങ് കീഴാളർക്കും, ദരിദ്രർക്കും പാവങ്ങൾക്കും വേണ്ടി ഒട്ടേറെ അവകാശങ്ങളും സൗജന്യങ്ങളും അനുവദിച്ചുകൊണ്ട് അധഃസ്ഥിത ഭാഗത്തിന്റെ പുരോഗതി ലക്ഷ്യമാക്കിയുള്ള ഭരണ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചു. ഉന്നത ജാതിക്കാരെയും സമ്പന്നരെയും രോഷകുലരാക്കിയ സംഭവമായിരുന്നു ഇത്.

ഈ പരിഷ്ക്കാരം നടപ്പി

▸▸ കേരളത്തിൽ ഏറ്റവുമധികം നെല്ലുവിളയിക്കുന്ന കൃഷി സീസൺ– മുണ്ടകൻ




*ബാബരി മസ്ജിദ് തകർക്കപ്പെടുന്നതിന് മുമ്പ്*

ലാക്കാതിരിക്കാൻ രാജ്യത്ത് ഛിദ്രതയും അശാന്തിയും ഉണ്ടാക്കുകയാണ് അവർ കണ്ട മാർഗം. അങ്ങനെ തീവ്ര ഹൈന്ദവ സംഘടനകൾ 3000 മുസ്‌ലിം ദേവാലയങ്ങളുടെ പേരിൽ ഉടമസ്ഥാവകാശം ഉന്നയിക്കാനുള്ള തീരുമാനം എടുക്കുകയും അന്നത്തെ ഭാരതീയ ജനതാപാർട്ടി അധ്യക്ഷനയിരുന്ന എൽ. കെ അദ്വാനി ക്ഷേത്രനിർമാണത്തിൽ ജനങ്ങളെ ആവേശഭരിതരാക്കാൻ ഗുജറാത്തിലെ സോമനാഥ ക്ഷേത്രത്തിൽ നിന്ന് അയോധ്യയിലേക്ക് ഒരു രഥയാത്ര സംഘടിപ്പിക്കുകയുണ്ടായി.

ജനങ്ങളിൽ ഭിന്നതയും കലാപങ്ങളും ഉണ്ടാക്കിയ ഈ യാത്രക്കുശേഷം ഒട്ടേറെ രാഷ്ട്രീയ ഗതിമാറ്റങ്ങൾ ഉണ്ടായി. ഒടുക്കം 1992 ഡിസംബർ 6-ന് കർസേവകർ എന്ന പേരിൽ ക്ഷേത്രനിർമാണത്തിനായി ദൃഢപ്രതിജ്ഞ എടുത്ത ഹിന്ദുത്വവാദികൾ ബാബരി മസ്ജിദ് തകർക്കുകയായിരുന്നു.

വർഷങ്ങൾ നീണ്ട കോടതി വ്യവഹാരങ്ങൾക്കുശേഷം കേസ് സുപ്രീംകോടതി അവസാനിപ്പിക്കുകയായതിനാൽ പള്ളിനിന്നിടത്ത് ശ്രീരാമ ക്ഷേത്ര നിർമാണത്തിന് രാഷ്ട്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ട്രസ്റ്റിനെ ഏൽപിക്കണമെന്നും കേസിലെ മുസ്‌ലിം കക്ഷികൾക്ക് മറ്റെവിടെയെങ്കിലും അഞ്ച് ഏക്കർ ഭൂമി നൽകണമെന്നും വിധിച്ചു.



*ജവഹർലാൽ നെഹ്റു*

കേസിലെ ഒരു കക്ഷിയുടെ വിശ്വാസത്തെ തെളിവാക്കുകയും മറു കക്ഷിയുടെ തെളിവുകളെ അവഗണിക്കുകയും ചെയ്തുകൊണ്ടുള്ള ഈ വിധി ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് വിഭാവനം ചെയ്യുന്ന അവകാശസമത്വത്തിനും നൈതനിക തത്വങ്ങൾക്കും നിരക്കുന്നതല്ല എന്ന വിമർശനം ഇന്ത്യക്കകത്തും പുറത്തും ഉന്നയിക്കപ്പെടുന്നുണ്ട്. കേസിലെ മുസ്‌ലിം കക്ഷികൾ സുപ്രീംകോടതിയിൽ തന്നെ പുനഃപരിശോധാ ഹരജി നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. •

▸▸ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആസ്ഥാനം എവിടെ- തിരുവനന്തപുരം